കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

WWW.lfa.kerala.gov.in

# എടത്തിരുത്തി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2015-16

ജില്ലാഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ

e-mail:- dotsr.ksad@kerala.gov.im

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി3)2180/16

കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
PIN 680 020 തിയ്യതി 28.01.2017

Ph.No. 0487 – 2331249

e-mail.id : dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ .

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എടത്തിരുത്തിഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : എടത്തിരുത്തി ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷങ്ങളിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്തിരുത്തിഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-3,3-4,3-8 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)സംസ്ഥാനഓഡിറ്റ് വകുപ്പ്ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി3)2180/16

കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
PIN 680 020 തിയ്യതി 28.01.2017

Ph.No. 0487 – 2331249

e-mail.id : dotsr.ksad@kerala.gov.in

തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ

2015-16സാമ്പത്തിക വർഷത്തെധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 20.01.2016 മുതൽ 1.12.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 2015-16ലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകളും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും

വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു ചേക്കുട്ടി,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 1.12.2016 മുതൽ<br>8.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.റസിയബീവി.ജെ<br>ഓഡിറ്റ്.ഓഫീസർ |
| | ശ്രീമതി.വിജയശ്രീ.പി,<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സ്റ്റാൻലി.പി.എസ്<br>സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.സോന.കെ.സത്യൻ<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| പ്രസിഡന്റ് | കാലയളവ് |
|---|---|
| ശ്രീ. എ.വി സതീഷ് | 01.04.2015 മുതൽ 31.10.2015 വരെ<br>(01.11.15 മുതൽ<br>18.11.2015 വരെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി) |
| ശ്രീമതി. ബൈന പ്രദീപ് | 19.11.2015 മുതൽ 31.03.2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| സെക്രട്ടറി | കാലയളവ് |
|---|---|
| യു. നാരായണൻ | 1.04.2015 മുതൽ 31.12.2015വരെ |
| പി.വൈ സാജിത | 1.01.2016 മുതൽ 31.03.2016 വരെ |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | സഖി. എൽ | 1.04.15 മുതൽ 15.05.15വരെ |
| | ആശ കെ.എസ് | 16.05.2015 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | ഡോ. അർജ്ജുൻ അജയഘോഷ് | 1.04.15 മുതൽ 31.03.16വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സെൽബിയ ജോൺസൺ | 1.04.15 മുതൽ 31.03.16വരെ |
| മെഡിക്കൽ ഓഫീസർ ഗവ: ആയുർവേദ ഡിസ്പെൻസറി | ഡോ. ബീന കെ.ആർ | 1.04.15 മുതൽ 31.03.16വരെ |
| കൃഷി ഓഫീസർ | എം.എച്ച്. മുഹമ്മദ് ഇസ്മയിൽ | 1.04.15 മുതൽ 31.03.16വരെ |
| വി.ഇ.ഒ (എടത്തിരുത്തി) | സുമേഷ് എസ്.ആർ | 1.04.15 മുതൽ 31.03.16വരെ |

| | | |
|---|---|---|
| വി.ഇ.ഒ (ചെന്ത്രാപ്പിന്നി) | ദിവ്യ. ടി. ശങ്കർ | 1.04.15 മുതൽ 31.03.16വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | സലോമി കെ.വി | 1.04.15 മുതൽ 31.03.16വരെ |
| വെറ്ററിനറി സർജൻ | ഡോ..എൻ.കെ സന്തോഷ് | 1.04.15 മുതൽ 31.03.16വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | പ്രശാന്ത് ഇ.എം | 1.04.15 മുതൽ 31.03.16വരെ |
| ഹെഡ്മിസ്ട്രസ്സ് | സുഷമ പി.വി | 1.04.15 മുതൽ 31.03.16വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | കെ.കെ മുണി | 1.04.15 മുതൽ 31.03.16വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 2-1 |
| 13 | നിലം നികത്ത് ഭൂമിയിൽ 300 $m^2$ ന് മുകളിൽ വാസഗൃഹം | 2-2 |
| 14 | പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് | 2-3 |
| 15 | റഗുലറൈസേഷൻ ഫീ -അപാകതകൾ | 2-4 |
| 16 | പൊതു കിണർ സംരക്ഷിക്കപ്പെടേണ്ടതാണ്. | 2-5 |
| | ഭാഗം 3 | |
| 17 | ഐ.എ.വൈ(എസ്.സി) വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല തുക തടസ്സപ്പെടുത്തുന്നു. | 3-1 |
| 18 | ഐ.എ.വൈ (ജനറൽ)വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല തുക തടസ്സപ്പെടുത്തുന്നു. | 3-2 |
| 19 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ – മരുന്ന് ലഭ്യമായിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു. – 2,90,000/-രൂപ | 3-3 |

| | | |
|---|---|---|
| 20 | വെള്ളക്കരം അടക്കുന്നതിനെ സംബന്ധിച്ച് | 3-4 |
| 21 | ട്രഷറിയിൽ നിന്നും പിൻവലിച്ച തുകകൾ ചെലവഴിക്കാതെ കൈവശം വച്ചു | 3-5 |
| 22 | എസ്.എസ്.എ – അധികം നൽകിയ പഞ്ചായത്ത് വിഹിതം ക്രമീകരിക്കേണ്ടതാണ്. | 3-6 |
| 23 | പ്രത്യേക കന്നുകുട്ടിപരിപാലനം | 3-7 |
| 24 | ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം | 3-8 |
| 25 | ആശ്രയ പദ്ധതി-അവലോകനം | 3-9 |
| 26 | കർഷക തൊഴിലാളി പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം വന്നിരിക്കുന്നു | 3-10 |
| 27 | ലൈൻ എക്സ്റ്റെൻഷൻ-കെ.എസ്.ഇ.ബിയ്ക്ക് തുക നല്കിയത്-പണി പൂർത്തീകരിച്ചിട്ടില്ല. | 3-11 |
| | ഭാഗം 4 | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30.03.2015 തിയ്യതിയിലെ തീരുമാനം (1) പ്രകാരം അംഗീകരിച്ചു. അംഗീകരിച്ച ബജറ്റ് പ്രകാരം വരവ് 162207425/- രൂപയും, ചെലവ്158518319/- രൂപയും ആണ്. 2015-16 ൽ റിവൈസ്ഡ് ബജറ്റ് തയ്യാറാക്കിയിട്ടില്ല. ബജറ്റ് വരവും ചെലവും തമ്മിൽ വലിയ അന്തരം കാണുന്നു. യഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 1.8.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തിയതി |
|---|---|
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(ഇ3)തിയതി 06.12.2016<br>(വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം) |

അപാകതകൾ താഴെ പറയുന്നു

നാളിതുവരെയുള്ള ആസ്തി,ബാധ്യതകൾ കണക്കാക്കി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് – 24216143.30
വരവ് –44031100.00
ആകെ – 68247243.3
ചെലവ് –54833945.00
നീക്കിയിരിപ്പ് – 13413298.30

## 1-5 ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2175839 | 3930874(tc) + 4172753 (consolidated fund) = 8103627 | 10279466 | 10279466* | | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 2308129 | 3594403 (con.fund) | 5902532 | 5826754 ** | 75778 (T.C. to VPF II a) | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 7000 (con.fund) | 7000 | 7000 returned to govt. | | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 2941602 | 9274905 (con.fund) | 12216507 | 12216507 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 190975 | 2386988 (con.fund) | 2577963 | 2577963 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 942556 | 1961711 (allotment) + 3412638 (con.fund) =5374349 | 6316905 | 4949950 | 1366955 (T.C to VPF II a) | 0 |
| ലോക ബാങ്ക് സഹായം | 3093916 | 2106078 (con.fund) | 5199994 | 2711853 | 2488141(T.C. to VPF II a) | 0 |

* ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1075000/-ഉൾപ്പെടെ

** ബ്ലോക്ക് പഞ്ചായത്ത് വിഹിതം 32800/-ഉൾപ്പെടെ

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 169 | 53911853 | 133 | 41183406 | 26 | 10 | 78.69 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 34.9% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6710674 | 3964248 | -2746426 | -40.9% |
| നികുതിയേതര വരവുകൾ | 368638 | 521724 | 153086 | 41.54% |
| മറ്റുവരവുകൾ | 370100 | 362965 | -7135 | -1.9% |
| ആകെ | 7449412 | 4848937 | 2600475 | -34.9% |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3.12.16 തിയതിയിൽ 4.00 P.Mന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 32408/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു. ക്യാഷ് ബുക്ക്, ഡേ ബുക്ക് എന്നിവയുമായി ബാലൻസ് തുക പൊരുത്തപ്പെടുന്നുണ്ട്.

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 67920 | 64 |
| കർഷകതൊഴിലാളി പെൻഷൻ | 2358330 | 340 |
| വിധവാപെൻഷൻ | 11538760 | 1329 |
| വാർദ്ധക്യകാലപെൻഷൻ | 9410040 | 1331 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 2038200 | 266 |
| അവിവാഹിതപെൻഷൻ | 761920 | 85 |
| വിവാഹധനസഹായം | 240000 | 8 |

# 1-10 ആഭ്യന്തരനിയന്ത്രണം.

1. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.ഡെപ്പോസിറ്റ് രജിസ്ററിൽ ഓരോഇനം തിരിച്ച് കണക്കുകൾ തയ്യാറാക്കിയിട്ടില്ല.

2. 2012 ലെ കേരള പഞ്ചായത്ത് രാജ് ഫാം ചട്ടങ്ങൾ അനുസരിച്ച് ഫാമുകൾക്ക് ലൈസൻസ് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.11.2016 മുതൽ 17.11.2016 വരെ | 10/2016 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.1.2011 മുതൽ 5.2.2011 വരെ | 2005-06 to 2009-2010 | 04.03.2011 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 തൊഴിൽ നികുതി ഈടാക്കേണ്ടതണ്

തൊഴിൽ നികുതി റിട്ടേൺസ് പരിശോധിച്ചതിൽ താഴെ പറയുന്ന അധ്യാപകരുടെ നിയമനം അംഗീകരിക്കാത്തതിനാൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമനമ്പർ | സ്ഥാപനം | പേര് | തസ്തിക | തൊഴിൽ നികുതി അടവാക്കേണ്ടത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | സെന്റ്. ആൻസ് ജി.എച്ച്.എസ് | സിസ്റ്റർ. ബിന്ദു ആന്റണി | H.S.A | I,IIഅർദ്ധവർഷം |
| 2 | സെന്റ്. ആൻസ് ജി.എച്ച്.എസ് | സിസ്റ്റർ. ജിനി.കെ. ഡേവിഡ് | H.S.A | I,IIഅർദ്ധവർഷം |
| 3 | സെന്റ്. ആൻസ് ജി.എച്ച്.എസ് | സിസ്റ്റർ. സിജി എ.ജെ | H.S.A | I,IIഅർദ്ധവർഷം |
| 4 | സെന്റ്. ആൻസ് ജി.എച്ച്.എസ് | ബ്രില്ലി തോമസ് | ഡ്രോയിംഗ് ടീച്ചർ | I,IIഅർദ്ധവർഷം |

നിയമനം അംഗീകരിയ്ക്കുന്ന മുറയ്ക്ക് ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-2 നിലം നികത്ത് ഭൂമിയിൽ 300 m2 ന് മുകളിൽ വാസഗൃഹം -

XI/213-A/30.6.15 ബിൽഡിംഗ് നമ്പർ നൽകിയിട്ടുള്ള കെട്ടിടത്തിന്റെ ഫയൽ പരിശോധിച്ചതിൽ കാണുന്ന അപാകതകൾ താഴെ ചേർക്കുന്നു.

1. 322.07 $m^2$ കെട്ടിടത്തിന് 3.6.10 ന് 2774/10 നമ്പറായി നിർമ്മാണാനുമതി നൽകി.
2. ബിൽഡിംഗ് കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിട്ടുള്ളത് 23.04.15 നാണ്. എന്നാൽ പെർമിറ്റ് പുതുക്കിയില്ല.
3. കംപ്ലീഷൻ പ്ലാൻ അനുസരിച്ച് 373.28 $m^2$ കെട്ടിടമാണ് നിർമ്മിച്ചിട്ടുള്ളത് .ബിൽഡിംഗ് റഗുലറൈസ് ചെയ്ത് 30.6.15 ന് ബിൽഡിംഗ് നമ്പർ (XI/213-A) അനുവദിച്ചു.

നിലം നികത്ത് ഭൂമിയിൽ നിർമ്മാണാനുമതി നൽകുന്ന കെട്ടിടങ്ങൾക്ക് 300 സ്ക്വയർ മീറ്ററിലധികം വിസ്തീർണ്ണം ഉണ്ടാകാൻ പാടില്ലാത്തതാണെന്ന് 59655/ആർ.എ1/08/ തസ്വഭവ/23.09.08 സർക്കുലറിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ ആയത് പാലിക്കാതെ 322.07 $m^2$ കെട്ടിടത്തിന് നിർമ്മാണാനുമതി നല്കുകയും പിന്നീട് 373.28 m2 കെട്ടിടമായി റഗുലറൈസ് ചെയ്ത് നല്കുകയുമാണ് ഉണ്ടായത്. കെട്ടിട പെർമിറ്റ് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 17 പ്രകാരം പെർമിറ്റ് പുതുക്കേണ്ടതാണ്. എന്നാൽ ആയത് പാലിച്ചില്ല.

സർക്കാർ ഉത്തരവുകളും , കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളും പാലിച്ച കൊണ്ട് കെട്ടിടനിർമ്മാണാനുമതി നല്കവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 2-3 പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്

പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന പെർമിറ്റ് നൽകിയിരിക്കുന്ന വാസഗൃഹങ്ങളിൽ നിന്നും പെർമിറ്റ് ഫീ കുറവായി ഈടാക്കിയിരിക്കുന്നു.

| പെർമിറ്റ് നമ്പർ / തിയതി | വിസ്തീർണ്ണം $m^2$ | ഈടാക്കിയത് | ഈടാക്കേണ്ടത് @ 3 | കുറവ് |
|---|---|---|---|---|
| A4-3306/15/ 6.06.15 | 118.47 | 178 | 356 | 178 |
| A4-3341/15 /6.06.15 | 114.6 | 172 | 344 | 172 |
| A4-3391/15/ 6.06.15 | 124.29 | 187 | 373 | 186 |
| A4-4085/15/ 20.06.15 | 122.59 | 184 | 368 | 184 |
| A4-4100/15/ 2.08.15 | 103.34 | 156 | 311 | 155 |
| A4-3466/15/ 9.06.15 | 109.69 | 165 | 330 | 165 |
| A4-4409/15 /1.07.15 | 113.03 | 170 | 340 | 170 |
| A4-3733/15/ 26.06.15 | 102.15 | 154 | 307 | 153 |
| A4-4659/15/ 20.7.15 | 102.83 | 155 | 309 | 154 |
| A4-4806/15/ 2.08.15 | 135.23 | 203 | 406 | 203 |
| A4-4820/15/ 14.07.15 | 121.19 | 182 | 364 | 182 |
| A4-3995/15/ 10.07.15 | 134.75 | 203 | 405 | 202 |
| A4-5046/15/ 20.07.15 | 114.32 | 172 | 343 | 171 |
| A4-768/15/ 25.07.15 | 102.38 | 154 | 308 | 154 |

| | | | | |
|---|---|---|---|---|
| A4-4286/15/ 25.07.15 | 102.39 | 154 | 308 | 154 |
| A4-5566/15/ 11.09.15 | 138.93 | 208 | 417 | 209 |
| A4-2738/15/ 2.08.15 | 111.16 | 167 | 334 | 167 |
| A4-5924/15/ 15.09.15 | 131.93 | 198 | 396 | 198 |
| A4-5789/15/ 21.08.15 | 120.56 | 181 | 362 | 181 |
| A4-6096/15/ 25.08.15 | 126.78 | 191 | 381 | 190 |
| A4-6257/15/ 14.09.15 | 106.43 | 160 | 320 | 160 |
| A9-6345/15/ 21.09.15 | 131.01 | 197 | 393 | 196 |
| A9-6257/15/ 29.09.15 | എക്സ്റ്റൻഷൻ 41.15 | 62 | 124 | 62 |
| A9-6788/15/ 19.11.15 | 107.64 | 93 | 323 | 230 |
| A9-6987/15/ 15.10.15 | 124.40 | 187 | 374 | 187 |
| A9-7430/15/ 27.10.15 | 141.56 | 213 | 425 | 212 |
| A9-7521/15/ 19.11.15 | 112.96 | 169 | 339 | 170 |
| A9-7529/15/ 30.10.15 | 122.51 | 184 | 368 | 184 |
| A9-7719/15/ 28.11.15 | 119.27 | 179 | 358 | 179 |
| A9-8161/15/ 28.11.15 | 146.46 | 220 | 440 | 220 |

| | | | | |
|---|---|---|---|---|
| A9-8257/15/ 28.01.16 | 100.86 | 151 | 303 | 152 |
| A9-8816/15/ 29.12.15 | 110.40 | 166 | 332 | 166 |
| A9-9044/15/ 11.01.16 | 148.41 | 223 | 446 | 223 |
| A9-9067/15/ 30.12.15 | 110.37 | 166 | 332 | 166 |
| A9-1205/16/ 15.02.16 | 105.56 | 158 | 317 | 159 |
| ആകെ | | | | 6194 |

കുറവ് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 റഗുലറൈസേഷൻ ഫീ - കുറവ് തുക ഈടാക്കി

150 $m^2$ ന് താഴെയുള്ള കെട്ടിടങ്ങൾക്ക് 1.5 രൂപ നിരക്കിലാണ് റഗുലറൈസേഷൻ ഫീ ഈടാക്കിയിരിക്കുന്നത്. എന്നാൽ ഈടാക്കേണ്ടത് 3/- രൂപ നിരക്കിലാണ്.റഗുലറൈസേഷൻ ഫീ ഈടാക്കിയതിലെ അപാകത താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | റഗുലറൈസ്ഡ് ഏരിയ$m^2$ | ഈടാക്കിയത് 1.5X3 | ഈടാക്കേണ്ടത് @ 3X2 | കുറവ് |
|---|---|---|---|---|
| 7/222A | 24.39 | 110 | 147 | 37 |
| 14/422A | 6.8 | 31 | 41 | 10 |
| 17/145B | 135.07 | 608 | 811 | 203 |
| 2/140B | 111.45 | 502 | 669 | 167 |
| 17/221A | 29.83 | 134 | 179 | 45 |

| | | | | |
|---|---|---|---|---|
| 9/220B | 13.82 | 62 | 83 | 21 |
| 16/49A | 105.24 | 474 | 632 | 158 |
| 12/382A | 103.6 | 466 | 622 | 156 |
| 10/471A | 122.90 | 553 | 738 | 185 |
| 5/241 A | 127.5 | 574 | 765 | 191 |
| 17/433 B | 105.41 | 474 | 633 | 159 |
| ആകെ | | | | 1332 |

കുറവ് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 പൊതു കിണർ സംരക്ഷിക്കപ്പെടേണ്ടതാണ്.

എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ പൊതുകിണർ നികത്തിയെന്ന പരാതിയെ തുടർന്ന് 11.11.2014 ൽ കൊല്ലാറ രാഘവൻ , 18.11.14 ൽ വലിയകത്ത് അബ്ദുൾ കരീം , 6.04.2015 ന് എടത്തിരുത്തി കൊല്ലാറ അജയൻ എന്നിവർക്ക് ഗ്രാമപഞ്ചായത്ത് നോട്ടീസ് നൽകിയിരുന്നു. എന്നാൽ നാളിതുവരെ പൊതു കിണർ പൂർവ്വസ്ഥിതിയിലാക്കിയിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറി 9/7.12.16 ന് മറുപടി ലഭിച്ചു.

കേരള പഞ്ചായത്ത് രാജ് ആക്ട് 218 വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജലമാർഗ്ഗം,നീരുറവകൾ,കുളങ്ങൾ,കിണറുകൾ മുതലായവ പഞ്ചായത്ത് ചെലവിൽ ഉണ്ടാക്കുകയോ പണിയുകയോ ചെയ്തിട്ടുള്ളവ ആയിരുന്നാലും അല്ലെങ്കിലും പൊതുജനങ്ങളുടെ ഉപയോഗത്തിന് ഒരു ചിരാനുഭവ അവകാശം നൽകത്തക്ക വിധത്തിൽ പൊതുജനങ്ങൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്നവ ഉൾപ്പെടെ എല്ലാ പൊതുജല മാർഗ്ഗങ്ങളും പരിപൂർണ്ണമായും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്നു. ആയത് സംരക്ഷിക്കപ്പെടേണ്ടതാണ്.

മേൽ പരാതിയിന്മേലുള്ള നടപടി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഐ.എ.വൈ(എസ്.സി) വിഹിതം-വിനിയോഗ

## സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ - S0003/16

അടങ്കൽ - 7,80,000

ചെലവ് - 5,85,000

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ബിൽ നമ്പർ - 30/15-16/ 20.10.15

ഡി.ഡി. നമ്പർ - 708222 / 29.10.2015

എടത്തിരുത്തി ഗ്രാമ പഞ്ചായത്തിലെ 2015-16 ഐ എ വൈ അധിക വിഹിതം (എസ്. സി) 5,85,000 രൂപ മതിലകം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാല് ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.തുക തടസ്സപ്പെടുത്തുന്നു.

## 3-2 ഐ.എ.വൈ(ജനറൽ)വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല തുക തടസ്സപ്പെടുത്തുന്നു

ഐ എ വൈ അധിക വിഹിതം നല്കിയത്(ജനറൽ)

പ്രോജക്റ്റ് നമ്പർ - S0002/16

അടങ്കൽ - 6,50,000

ചെലവ് - 650000

നിർവ്വഹണ ഉദ്യോഗസഥൻ - സെക്രട്ടറി

ബിൽ നമ്പർ - 64/2015-16/ 29.02.16

ചെക്ക് നമ്പർ - 711180 / 01.03.2016

എടത്തിരുത്തി ഗ്രാമ പഞ്ചായത്തിലെ 2015-16 ഐ.എ.വൈ അധിക വിഹിതം (ജനറൽ) 650000/- രൂപ മതിലകം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല .തുക തടസ്സപ്പെടുത്തുന്നു.

## 3-3 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു. - 2,90,000/-രൂപ

പ്രോജക്റ്റ് നമ്പർ - S0005/16

അടങ്കൽ - 3,00,000

ചെലവ് - 290000

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ബിൽ നമ്പർ - 40/2015-16/ 11.01.16 - 1,50,000

ബിൽ നമ്പർ - 60/2015-16/ 29.02.16 - 1,40,000

ഡി.ഡി നമ്പർ - 711105/ / 29.02.16 - 1,40,000

709371/ / 06.12.16 - 1,50,000

മേൽ പ്രോജക്റ്റ് പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസിയിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി 290000/- രൂപ നല്കിയിട്ടുണ്ട് . എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമാക്കി ആയത് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-4 വെള്ളക്കരം അടവാക്കൽ

ജി.ഒ(ആർ..ടി) 1501/ / ത.സ്വ.ഭ.വ .23/3/2006 പ്രകാരം പഞ്ചായത്തിലെ പ്രവർത്തന ക്ഷമമായ വാട്ടർ ടാപ്പുകളുടെ എണ്ണത്തെ സംബന്ധിച്ച് വാട്ടർ അതോറിട്ടിയും തദ്ദേശസ്വയഭരണ സ്ഥാപനവും ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതാണ് . അതിന്റെ അടിസ്ഥാനത്തിലാണ് വെള്ളക്കരം അടവാക്കേണ്ടത്.

എന്നാൽ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടി പ്രകാരം ഈ പഞ്ചായത്തിൽ 2011-2012 ന് ശേഷം അങ്ങിനെ ഒരു പരിശോധന നടത്തിയിട്ടില്ല. ഈ സാമ്പത്തിക വർഷത്തിൽ വെള്ളക്കരം ഇനത്തിൽ 1732500/- പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്. പ്രവർത്തനക്ഷമമായ വാട്ടർ ടാപ്പുകളെ സംബന്ധിച്ച് വ്യക്തമായ രേഖകൾ ഇല്ലാതെ പൈസ അടവാക്കിക്കൊണ്ടിരിക്കുന്നത് പഞ്ചായത്തിന് തുടർച്ചയായ സാമ്പത്തിക നഷ്ടം വരുത്താൻ സാധ്യതയുണ്ടെന്നും ആയതിനാൽ എത്രയും വേഗം സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം കരം അടവാക്കേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-5 ട്രഷറിയിൽ നിന്നും പിൻവലിച്ച തുകകൾ ചെലവഴിക്കാതെ കൈവശം വച്ചു

പഞ്ചായത്ത് കമ്മറ്റി തീരുമാനം VII/18.6.2015 പ്രകാരം 2013-14 വർഷത്തെ പദ്ധതിക്കായി മാറിയ 5 ഡിഡികൾ, ഗുണഭോക്താക്കൾ പണിപൂർത്തീകരിക്കാത്തതിനാൽ തിരിച്ചടക്കാൻ അനുവാദം നൽകണമെന്ന് മുൻ വിഇഒ ശ്രീ.ആഡ്ലി ഉസ്മാൻ അപേക്ഷ സമർപ്പിച്ചതായി കാണുന്നു.ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറി 13 ന് ലഭിച്ച മറുപടിയിൽ 2,05,796/- രൂപയുടെ ഡിഡികൾ 31.3.2016 തിയതിയിലെ 235-ാം നമ്പർ ചലാൻ പ്രകാരം ടിയാൻ

സർക്കാരിലേക്ക് തിരിച്ചടച്ചതായി അറിയിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ തുക ഏതെല്ലാം പദ്ധതികൾക്കായി പിൻവലിച്ചു, തുക ചെലവഴിക്കാതിരുന്നതിന് കാരണം, തുക തിരിച്ചടക്കാൻ വൈകിയതിന്റെ കാരണം, ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടികളുടെ വിവരം എന്നീ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. മേൽപറഞ്ഞ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-6 എസ്.എസ്.എ - അധികം നൽകിയ പഞ്ചായത്ത് വിഹിതം ക്രമീകരിക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ -S0035/16
നിർവഹണ ഉദ്യോഗസ്ഥ - പ്രധാനഅദ്ധ്യാപിക
അടങ്കൽ -5,89,757/-
ട്രഷറി ബിൽ നം. -1/15-16/14.01.2016

ചെലവ്- ഡിഡി നം709527/ 19.1.16 - ₹5,89,757/-

എസ്.എസ്.എ. യുടെ LSG Level plan& Budget എന്നിവ പ്രകാരം പഞ്ചായത്തിൽ 2015-16ൽ നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ള പ്രവൃത്തികളുടെ ആകെ യൂണിറ്റ് കോസ്റ്റ് 1685021/- രൂപയും പഞ്ചായത്ത് അടയ്ക്കേണ്ട വിഹിതം ആയതിന്റെ 35% ആയ 5,89,757/- രൂപയുമാണ്. ആയതനുസരിച്ച് മുകളിൽ പറഞ്ഞ പ്രകാരം എസ്.എസ്.എയ്ക്ക് തുക നൽകിയിട്ടുണ്ട്. എസ്.എസ്.എ. 27.5.16 ന് പഞ്ചായത്തിന് നൽകിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം പഞ്ചായത്തിൽ എസ്.എസ്.എ 2015-16 സാമ്പത്തികവർഷം ആകെ 11,63,607/-രൂപയുടെ പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളത്.ആയതിന്റെ 35% മാത്രമാണ് പഞ്ചായത്ത് വഹിക്കേണ്ടത്, അതായത് 4,07,262/-രൂപ.എസ്.എസ്.എയ്ക്ക് കൈമാറിയ തുകയിൽ അധികമുള്ള 1,82,495/- രൂപ തുടർന്നുള്ള വർഷങ്ങളിലെ പഞ്ചായത്ത് വിഹിതത്തിൽ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന് വിധേയമായി ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-7 പ്രത്യേക കന്നുകുട്ടിപരിപാലനം

പ്രൊജക്റ്റ് നം. -S0041/16

നിർവ്വഹണം -വെറ്ററിനറി സർജൻ

അടങ്കൽ- -വികസനഫണ്ട്--350000+സംസ്ഥാനവിഹിതം-350000 +ഗുണഭോക്തൃവിഹിതം-700000,ആകെ= 14,00,000/-

56ഗുണഭോക്താക്കൾക്ക് 6250 രൂപവീതം സബ്സിഡിയിനത്തിൽ 350000 രൂപ ട്രഷറിബില്ല് നം 2/15-26/19.9.15 പ്രകാരം പിൻവലിച്ച് എസ്.എൽ.ബി.പിക്ക് കൈമാറിയിട്ടുണ്ട്.(ഡിഡി നം 250775/19.9.15)പദ്ധതി പൂർത്തീകരിക്കുന്നമുറക്ക് തുകയുടെ വിനിയോഗം സംബന്ധിച്ച് എസ്എൽബിപി യിൽ നിന്നുമുള്ള സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

കാലിത്തീറ്റ വാങ്ങുന്നവർക്ക് സബ്സിഡി അനുവദിച്ചത് രേഖപ്പെടുത്തുന്നതിനായി പാൽ

സൊസൈറ്റി തയ്യാറാക്കി സൂക്ഷിക്കുന്ന രജിസ്റ്റർ പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾ പദ്ധതിയിൽ തുടരുന്നതായി കാണുന്നില്ല.

| പേര് | കൈപ്പറ്റിയ സബ്സിഡിതുക |
|---|---|
| മീനാക്ഷി അപ്പു-ചാരിച്ചട്ടി | 510 x6=3060 |
| രമണി എം.എ,മേപ്പുറത്ത് | 510x3=1530 |
| ദേവദാസ്.കോട്ടുക്കൽ | 510 |
| സീനത്ത് പറുപനക്കൽ | 510x8=4080 |
| ബിന്ദു കള്ളാശ്ശേരി | 510x4=2040 |

ടി വ്യക്തികൾ പദ്ധതിയിൽ നിന്നും ഒഴിവായിട്ടുണ്ടെങ്കിൽ അവർക്കായി കൈമാറിയ സബ്സിഡിയിൽ ബാക്കി തുക എപ്രകാരം ക്രമീകരിച്ചു എന്നതിന്റെ വിവരം എസ്എൽബിപി അധികാരികളോട് ആവശ്യപ്പെടേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ആയതിനു വിധേയമായി ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-8 ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം

നിർവഹണം -വി.ഇ.ഒ, എടത്തിരുത്തി
അടങ്കൽ-വികസനഫണ്ട് -7,20,000
വായ്പ- -16,20,000
ഗുണഭോക്തൃവിഹിതം(നേരിട്ട്) -1,800,000
ആകെ- 25,20,000

13 ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായമായി 40000/-രൂപ വീതം ആകെ 5,20,000/- രൂപ താഴെ പറയും പ്രകാരം തൃശ്ശൂർ ജില്ലാ ഓട്ടോറിക്ഷ തൊഴിലാളി സഹകരണ സംഘത്തിന് കൈമാറിയിട്ടുണ്ട്.

| ഡിഡി നം/ തിയതി | തുക |
|---|---|
| 708854/ 16.12.15 | 200000 |
| 711099 /29.2.16 | 120000 |
| 711913 /18.3.16 | 120000 |
| 712624 /29.3.16 | 80000 |

ഓട്ടോറിക്ഷകളുടെ സർട്ടിഫിക്കറ്റ് ഓഫ് രജിസ്ട്രേഷന്റെ പകർപ്പുകൾ പ്രകാരം വാഹനങ്ങൾ സംഘം പ്രസിഡന്റിന്റെ പേരിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.ഗുണഭോക്താക്കളുടെ പേരിൽ രജിസ്റ്റർ ചെയ്യാത്തതിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ചമറുപടിയിൽ വായ്പ തീർക്കുന്ന മുറക്ക് ഓട്ടോറിക്ഷയുടെ ഉടമസ്ഥാവകാശം ഗുണഭോക്താക്കളുടെ പേരിലേക്ക് മാറ്റി നൽകുമെന്നും കുടിശ്ശിക വരുത്തുന്ന സാഹചര്യത്തിൽ ഗുണഭോക്താക്കളുടെ പേരിൽ വായ്പ ഈടാക്കുന്നതിന് സംഘം നിയമനടപടി സ്വീകരിക്കുന്ന പക്ഷം സബ്സിഡി അനുവദിച്ചതുക പഞ്ചായത്തിലേക്ക് തിരിച്ചടക്കുമെന്നും സംഘം സെക്രട്ടറി

രേഖാമൂലം ഉറപ്പ് നൽകിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.എന്നാൽ ഇപ്രകാരം വ്യവസ്ഥകളോടെ സംഘം പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടില്ല.

സംഘം ഗുണഭോക്താക്കൾക്ക് വായ്പ അനുവദിച്ചുവെങ്കിലും പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും 40,000 രൂപ വീതം സബ്സിഡി അനുവദിക്കപ്പെട്ട വാഹനം പഞ്ചായത്തുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു സ്ഥാപനത്തിന്റെ പ്രസിഡന്റിന്റെ പേരിൽ വാങ്ങിയത് ശരിയായ നടപടിയല്ല.

വാഹനവായ്പകളുടെ കാര്യത്തിൽ ബാങ്കുകൾ ചെയ്യുന്നതുപോലെ ഗുണഭോക്താക്കളുടെ പേരിൽ വാഹനം രജിസ്റ്റർ ചെയ്യുകയും വായ്പ നൽകുന്ന സ്ഥാപനത്തിന്റെ ഹൈപ്പോത്തിക്കേഷൻ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുകയും ചെയ്യുന്ന സംവിധാനമാണ് പിന്തുടരേണ്ടത്. കൂടാതെ വായ്പ തുക കാലാവധി പൂർത്തിയാക്കി കൃത്യമായി തിരിച്ചടക്കുന്നവർക്ക് മാത്രമായി സബ്സിഡി പരിമിതപ്പെടുത്തേണ്ടതും കാലാവധിക്കു മുമ്പ് വാഹനം വിൽക്കുകയോ വായ്പ തിരിച്ചടക്കുകയോ ചെയ്യുന്നവർക്ക് വേണ്ടി ഗ്രാമപഞ്ചായത്ത് അടവാക്കിയ ബാക്ക് എൻഡ് സബ്സിഡി വായ്പ നൽകിയ സ്ഥാപനത്തിൽ നിന്നും തിരികെ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽ കാരണങ്ങളാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-9 ആശ്രയ പദ്ധതി-അവലോകനം

പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് ആശ്രയ പദ്ധതിയുടെ ആദ്യ പ്രോജക്ടിൽ നിലവിൽ 50 ഗുണഭോക്താക്കളും രണ്ടാമത്തെ പ്രോജക്ടിൽ 48 ഗുണഭോക്താക്കളും ആണുള്ളത്. മറ്റ് വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

| | ആദ്യഘട്ട പ്രോജക്ട് | രണ്ടാംഘട്ട പ്രോജക്ട് |
|---|---|---|
| ആകെ ഗുണഭോക്താക്കളുടെ എണ്ണം | 50 | 48 |
| വീടു വയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 6 | 6 |
| നാളിതുവരെ ലഭിച്ചവർ | - | 1 |
| വീട് ആവശ്യമുള്ളവർ | 20 | 14 |
| നാളിതുവരെ ലഭിച്ചവർ | 10 | 8 |

| | | |
|---|---|---|
| വീട് റിപ്പയർ ആവശ്യമുള്ളവർ | 10 | 10 |
| നാളിതുവരെ ലഭിച്ചവർ | 6 | - |
| കക്കൂസ് ആവശ്യമുള്ളവർ | 4 | 7 |
| നാളിതുവരെ ലഭിച്ചവർ | - | - |
| കുടിവെള്ളം ആവശ്യമുള്ളവർ | 10 | 12 |
| നാളിതുവരെ ലഭിച്ചവർ | 1 | - |
| കറന്റ് ആവശ്യമുള്ളവർ | 6 | 8 |
| നാളിതുവരെ ലഭിച്ചവർ | - | - |

ആശ്രയ പ്രൊജക്റ്റിന്റെ അക്കൗണ്ടിൽ 31.3.2016ൽ 13,78,396/- രൂപ നീക്കിയിരിപ്പുണ്ട്. ആയത് ഒന്നാം ഘട്ടപ്രൊജക്റ്റിന്റെ ചലഞ്ച് ഫണ്ട് തുകയും പലിശയുമാണെന്നാണ് ലഭ്യമായ വിവരം . മേൽപട്ടിക പ്രകാരം ആദ്യ ഘട്ടത്തിലെ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ മുഴുവൻ പൂർത്തീകരിച്ചിട്ടില്ല. വീട്ട വയ്ക്കാൻ സ്ഥലം, കക്കൂസ്,കറന്റ് എന്നിവക്ക് ആർക്കും ധനസഹായം അനുവദിച്ചിട്ടില്ല. രണ്ടാം ഘട്ടപ്രൊജക്റ്റിനും കാര്യമായ പുരോഗതിയായിട്ടില്ല. ആശ്രയ പദ്ധതിയിലുൾപ്പെട്ടവരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്ന കാര്യത്തിൽ ഉത്തരവാദപ്പെട്ടവർ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-10 കർഷക തൊഴിലാളി പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം വന്നിരിക്കുന്നു

ജി.ഒ.( പി ) 18/98/ തൊഴിൽ നികുതി 16/04/98,ജി .ഒ (എം എൽ) 41/3/തൊ. വ. 23/8/2113 റൂൾ 7(ബി) പ്രകാരം കർഷകതൊഴിലാളി പെൻഷനുള്ള അപേക്ഷ ലഭിച്ച 45 ദിവസത്തിനകം സെക്രട്ടറി തീരുമാനമെടുക്കേണ്ടതാണ് . ഇവിടെ അങ്ങിനെ ചെയ്തു കാണുന്നില്ല.

ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേരും വിലാസവും | അപേക്ഷ സ്വീകരിച്ച തിയ്യതി | അനുവദിച്ച തിയ്യതി |
|---|---|---|---|
| 1 | ലൈല അബ്ദുൾ റഹ് മാന്<br>കൊരട്ടി പറമ്പിൽ വീട്<br>ചെന്ത്രാപ്പിന്നി ഈസ്റ്റ് | 28/01/2016 | 31/05/2016 |
| 2 | ചന്ദ്രവതി സുബ്രഹ്മണ്യൻ<br>തോട്ടുങ്ങൽ വീട്<br>എടത്തിരുത്തി | 30/01/2016 | 31/05/2016 |
| 3 | ഓമന തിലകൻ<br>കോലത്ത് വീട്<br>എടത്തിരുത്തി | 19/02/2016 | 31/05/2016 |
| 4 | ടി. കെ. രാജൻ<br>തോട്ടുങ്ങൽ വീട്<br>എടത്തിരുത്തി | 26/02/2016 | 31/05/2016 |
| 5 | വിജയ ലക്ഷമി<br>മലയാറ്റിൽ ചെന്ത്രാപ്പിന്നി ഈസ്റ്റ് | 08/03/2016 | 31/05/2016 |

## 3-11 <u>ലൈൻ എക്സ്റ്റെൻഷൻ - കെ.എസ്.ഇ.ബി.യ്ക്ക് തുക നല്കിയത് - പണി പൂർത്തീകരിച്ചിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു.</u>

4,14 എന്നീ വാർഡുകളിൽ ലൈൻ എക്സ്റ്റെൻഷൻ നടത്തുന്നതിനായി കെ.എസ്.ഇ.ബിയ്ക്ക് 137301/-രൂപ (ഡി.ഡി.നം.712046/തിയ്യതി 18.03.2016) നല്കിയിട്ടുണ്ട്. എന്നാൽ ടി തുക നാളിതുവരെ വിനിയോഗിച്ച് പണി പൂർത്തീകരിച്ചിട്ടില്ല. പണി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2014-15 | 10,75,000 | ആശ്രയ | 10,75,000<br>(1,50,000രൂപ തിരിച്ചടച്ച തുൾപ്പെടെ) | 0 |
| | 2014-15<br>2015-16 | 32800<br>10200 | മുട്ടക്കോഴി വിതരണം, എസ്.സി.പി | 43000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബിക്ക് 137301/-രൂപ മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ലൈൻ എക്സ്റ്റൻഷൻ | 21500209 | 130060 | 0 | 130060 |
| | | 21500198 | 7241 | 0 | 7241 |

പ്രവർത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക അനുവദിച്ചിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ് ഭവനപദ്ധതി | സ.ഉ.800/2010/ തസ്വഭവ, തിയതി 9.3.2010 | 12412322 | 373879 | 373879 | | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

പഞ്ചായത്തിൽ ഓഡിറ്റ് വർഷം സ്ഥിരനിക്ഷേപങ്ങളില്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2007 | ഖണ്ഡിക 3-29(ബി) | 21886 | വേലായുധൻ | 11501100178/16.04.15 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരം താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-5 | 2009-10 | 2-8(1) | വൈദ്യുതിലൈൻ വലിക്കൽ നടപ്പാക്കിയത് | ന്യൂനതപരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട് |
| 2003-04 | 3-2 | | 2-8(1) | തെരുവുവിളക്ക് ലൈൻ വലിക്കൽ | |
| 2003-04 | 3-10 | | 2-10(9) | കൃഷിഓഫീസർ ചെലവ് കണക്കുകൾ ഹാജരാക്കിയില്ല | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44031100 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54833945 |
| വരവിനങ്ങളിലുള്ള നഷ്ടം | 7526 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3122058 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 6194 | | സെക്രട്ടറി, യു. നാരായണൻ, പി.വൈ സാജിത |
| 2-4 | 1332 | | സെക്രട്ടറി, യു. നാരായണൻ, പി.വൈ സാജിത |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 585000 | യു.നാരായണൻ,സെക്രട്ടറി |
| 3-2 | 650000 | പി.വൈ.സാജിത,സെക്രട്ടറി |
| 3-3 | 290000 | പി.വൈ.സാജിത,സെക്രട്ടറി |
| 3-6 | 589757 | സുഷമ.പി.വി, ഹെഡ്മിസ്ട്രസ് |
| 3-7 | 350000 | ഡോ.എൻ.കെ.സന്തോഷ്, വെറ്ററിനറി സർജൻ. |
| 3-8 | 520000 | സുമേഷ്.എസ്.ആർ, വി.ഇ.ഒ |
| 3-11 | 137301 | പി.വൈ.സാജിത,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|
| സെക്രട്ടറി, യു. നാരായണൻ | റിട്ടയേർഡ് | ചുള്ളിപ്പറമ്പിൽ വീട്, പി.ഒ.ആനന്ദപുരം |
| സെക്രട്ടറി, പി.വൈ സാജിത | എടത്തിരുത്തി ഗ്രാമ പഞ്ചായത്ത് | പോക്കാക്കില്ലത്ത് വീട്, പി.ഒ.എടത്തിരുത്തി |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1980-81 | എൽഎഫ്.ടി.എസ്2-1469/11 /20.10.11/1.2.12 | | |
| 1981-82 | “ | | |
| 1982-83 | “ | | |
| 1983-84 | “ | | |
| 1984-85 | “ | | |
| 1985-86 | “ | | |
| 1986-87&1987-88 | “ | | |
| 1988-89,89-90&1990-91 | “ | | |
| 1991-92 | “ | | |
| 1992-93&1993-94 | “ | | |

| | | | |
|---|---|---|---|
| 1996-97 | എൽ.എഫ്.ടിപി 3-42/14 തീ.3.4.2014 | | |
| 1997-98 | | | |
| 1998-99 | | | |
| 99-2000ചെലവ് | | | |
| 99-2000വരവ് | | | |
| 2000-01 | | | |
| 2000-01,01-02 പ്ലാൻ | | | |
| 2001-02 | | | |
| 2002-03 | | | |
| 2003-04 | | | |
| 2004-05 | | | |
| 05-06 | എൽ.എഫ്.ടി12-1761/09 /24-9-2010 | | |
| 06-07 | എൽ.എഫ്.ടി12-1762/09 /24-09-2010 | | |
| 07-08 | എൽ.എഫ്.ടി12-853/11/29-11-11 | | |
| 2008-09മുതൽ2010-11വരെ | എൽ.എഫ്.ടി.പി.3-1346/12 /5-11-12/12-03-13 | | |
| 2011-12 | എൽ.എഫ്.ടി.പി.3-1101/13 /17-01-14/12-03-14 | | |
| 2012-13 | എൽ.എഫ്.ടി.പി.3-588/2014 /3-9-14/9-12-14 | | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ-(പി3) 218/16-15.2.16/11.3.16 | | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ-(പി3) 1274/16/28.7.2016 | | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം

•

No. KSA-TSR(P3)2180/16

Kerala State Audit Department

District Audit Office, Thrissur

PIN- 680 020 Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated 28.01.2017

## AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Edathiruthi Gramapanchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Edathiruthi Gramapanchayat for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office,Thrissur.

Defects

valuation of the assets and liabilities is not competed

കെ.എസ്.എ-ടി.എസ്.ആർ(പി3)2180/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി 28.02.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ്

കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ.

അനുബന്ധം

ന്യൂനതകൾ

നാളിതുവരെയുള്ള ആസ്തി/ബാധ്യതകളുടെ മൂല്യം നിർണ്ണയിച്ച് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല